# കേരള സർവകലാശാല

## ബിരുദ (FYUGP) പ്രവേശനം – 2026

## രണ്ടാം സപ്ലിമെന്ററി അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു.

## കോളേജ് പ്രവേശനം ആഗസ്റ്റ് 18, 19 തീയതികളിൽ.

### നിർദ്ദേശങ്ങൾ

- വിദ്യാർത്ഥികൾക്ക് ആപ്ലിക്കേഷൻ നമ്പറും പാസ്സ്‌വേഡും ഉപയോഗിച്ച് പ്രൊഫൈലിൽ ലോഗിൻ ചെയ്ത് അലോട്ട്മെന്റ് പരിശോധിക്കാവുന്നതാണ്.
- പുതിയതായി അലോട്ട്മെന്റ് ലഭിച്ചവർക്ക് ഓൺലൈനായി ഫീസടച്ച് അലോട്ട്മെന്റ് മെമ്മോ ഡൗൺലോഡ് ചെയ്യാൻ സാധിക്കുന്നതാണ്.
- നിലവിൽ ഏതെങ്കിലും കോളേജിൽ അഡ്മിഷൻ എടുത്ത വിദ്യാർത്ഥികൾക്ക് പുതിയ അലോട്ട്മെന്റ് ലഭിക്കുകയാണെങ്കിൽ പ്രൊഫൈലിൽ നിന്നും അലോട്ട്മെന്റ് മെമ്മോ ഡൗൺലോഡ് ചെയ്യേണ്ടതാണ്.
- **ആഗസ്റ്റ് 18, 19 തീയതികളിലാണ് അഡ്മിഷൻ. അലോട്ട്മെന്റ് ലഭിച്ചവർ മെമ്മോയിൽ പറഞ്ഞിരിക്കുന്ന തീയതിയിൽ തന്നെ ആവശ്യമായ രേഖകളുടെ ഒറിജിനൽ സഹിതം കോളേജിൽ ഹാജരായി 'Permanent Admission' എടുക്കേണ്ടതാണ്.**
- ഏതെങ്കിലും കാരണത്താൽ അലോട്ട്മെന്റ് മെമ്മോയിൽ പറഞ്ഞിരിക്കുന്ന തീയതിയിൽ അഡ്മിഷൻ എടുക്കാൻ സാധിക്കാത്തവർ അഡ്മിഷൻ തീയതിയ്ക്ക് മുൻപായി അതതു കോളേജിലെ പ്രിൻസിപ്പാളുമായി ബന്ധപ്പെടേണ്ടതാണ്.

- ❖ **നിലവിൽ അഡ്മിഷൻ ഉള്ളവർ പുതിയ അലോട്ട്മെന്റ് ലഭിച്ചാൽ പുതിയതായി അലോട്ട്മെന്റ് ലഭിച്ച കോളേജിൽ നിർബന്ധമായും അഡ്മിഷൻ എടുക്കേണ്ടതാണ്. അവർക്ക് മുൻപ് എടുത്ത അഡ്മിഷനിൽ തുടരാൻ സാധിക്കുന്നതല്ല. കമ്മ്യൂണിറ്റി ക്വാട്ട / സ്പോർട്സ് ക്വാട്ട / മാനേജ്മെന്റ് ക്വാട്ടയിൽ അഡ്മിഷൻ ലഭിച്ചവർ പ്രസ്തുത അഡ്മിഷനിൽ തൃപ്തരാണെങ്കിൽ അതിൽ തുടരാവുന്നതാണ്.**
- ❖ ഒന്നാം സപ്ലിമെന്ററി അലോട്ട്മെന്റ് ലഭിച്ചശേഷം നിശ്ചിത സർവകലാശാല ഫീസ് ഓൺലൈനായി അടച്ച് കോളേജിൽ ഹാജരായി അഡ്മിഷൻ എടുക്കാത്ത വിദ്യാർത്ഥികളെ ഈ അലോട്ട്മെന്റിലേക്ക് പരിഗണിച്ചിട്ടില്ല.
- ❖ **ആഗസ്റ്റ് 19 ന് മുൻപ് പുതിയ അലോട്ട്മെന്റിൽ അഡ്മിഷൻ നേടിയില്ലെങ്കിൽ അലോട്ട്മെന്റ് ക്യാൻസൽ ആകുന്നതാണ്.**
- ❖ **താൽക്കാലിക (Temporary) അഡ്മിഷൻ ഈ ഘട്ടത്തിൽ ലഭ്യമല്ല. പുതിയതായി അലോട്ട്മെന്റ് ലഭിക്കുന്നവർ കോളേജിലെ നിശ്ചിത ഫീസ് അടച്ച് നിർബന്ധമായും Permanent Admission എടുക്കേണ്ടതാണ്. ഈ ഘട്ടത്തിൽ എല്ലാ സർട്ടിഫിക്കറ്റുകളുടേയും അസ്സൽ കോളേജിൽ സമർപ്പിക്കേണ്ടതാണ്.**
- ❖ **അഡ്മിഷൻ ലഭിക്കുന്ന എല്ലാ വിദ്യാർത്ഥികൾക്കും അപാർ (APAAR) ഐഡി നിർബന്ധമായും ഉണ്ടായിരിക്കേണ്ടതാണ്. ആയതിനാൽ നിലവിൽ അപാർ (APAAR) ഐഡി ഇല്ലാത്ത വിദ്യാർത്ഥികൾ അഡ്മിഷൻ തീയതിക്ക് മുൻപായി www.abc.gov.in എന്ന വെബ്സൈറ്റ് സന്ദർശിച്ച് അപാർ (APAAR) ഐഡി ജനറേറ്റ് ചെയ്യേണ്ടതാണ്.**
- ❖ വിശദവിവരങ്ങൾക്ക് അഡ്മിഷൻ വെബ്സൈറ്റ് (https://admissions.keralauniversity.ac.in/fyugp2026) സന്ദർശിക്കുക.
- ❖ ഹെൽപ് ലൈൻ നമ്പർ: 8281883052.

**രജിസ്ട്രാർ**